ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:08.08.2025**

## പ്രധാനവാർത്തകൾ

1. **ഇന്ന് ക്വിറ്റ് ഇന്ത്യാ ദിനം; ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിലൂടെ സ്വാതന്ത്ര്യത്തിനായി പോരാടിയവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് പാർലമെന്റ്.**
2. **79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" ക്യാമ്പയിന് തുടക്കം.**
3. **ഇന്ത്യൻ ഉല്പന്നങ്ങൾക്കുള്ള അമേരിക്കയുടെ താരിഫ് വർധന കേരളത്തിലെ കയറ്റുമതി മേഖലയിൽ വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ.**
4. **കുടുംബശ്രീ ജനഗൽസ തദ്ദേശീയ കലാരൂപ സംരംഭ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് ഓൺലൈനായി നിർവഹിച്ചു.**
5. **സംസ്ഥാനത്തെ കയർമേഖലയിലെ പുതിയ പദ്ധതികളുടെ പ്രഖ്യാപനം മന്ത്രി പി രാജീവ് ഇന്ന് ആലപ്പുഴയിൽ നിർവഹിക്കും.**

*****************************************

RNU TVPM

## പാർലമെൻറ്

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ തടസപ്പെട്ടു. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിലൂടെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് ഇരുസഭകളും സമ്മേളനം ആരംഭിച്ചത്. ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ച രാജ്യസഭ പ്രതിഷേധം രൂക്ഷമായതോടെ ഇന്നത്തേക്ക് പിരിഞ്ഞു. ബഹളത്തെ തുടർന്ന് രാജ്യസഭയിൽ ഇതിനകം 56 മണിക്കൂറിലധികം നഷ്ടപ്പെട്ടതായി ഉപാധ്യക്ഷൻ ഹരിവൻഷ് പറഞ്ഞു. ലോക്സഭ മൂന്ന് മണി വരെ നിർത്തിവച്ചു.

*******************************

RNUTVPM

## ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" ക്യാമ്പയിന് തുടക്കം. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ നടക്കും. ഓഗസ്റ്റ് 15 വരെയാണ് "എല്ലാ വീട്ടിലും ത്രിവർണ്ണ പതാക, എല്ലാ വീട്ടിലും ശുചിത്വം" ക്യാമ്പയിൻ സംഘടിപ്പിക്കുക.

*******************************

## ക്വിറ്റ് ഇന്ത്യാ ദിനം

ഇന്ന് ക്വിറ്റ് ഇന്ത്യാ ദിനം. 1942 ഓഗസ്റ്റ് എട്ടിനാണ് ബോംബെയിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി സമ്മേളനത്തിൽ മഹാത്മാഗാന്ധി, "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന പ്രസിദ്ധമായ ആഹ്വാനം നൽകി ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ക്വിറ്റ് ഇന്ത്യ ആഹ്വാനത്തെ തുടർന്ന് ഗാന്ധിജി,

ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ എന്നിവരുൾപ്പെടെയുള്ള ദേശീയ നേതൃത്വം അറസ്റ്റ് ചെയ്യപ്പെട്ടു. ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാനുള്ള രാജ്യത്തിന്റെ നീക്കത്തിന് ഊർജ്ജം നൽകിയ പ്രസ്ഥാനത്തിന്റെ 83-ാം വാർഷികമാണ് ഇന്ന്.

**********************************

## മന്ത്രി പി രാജീവ് - കയർ മേഖല

കയർ ആർട്ടിസാൻ ട്രെയിനിംഗ് പൂർത്തീകരിച്ചവർക്കായി രൂപീകരിച്ച സംഘത്തിന്റെ പ്രവർത്തന ഉദ്ഘാടനവും ആദ്യ ഓർഡർ വിതരണവും മന്ത്രി പി രാജീവ് ഇന്ന് ആലപ്പുഴയിൽ നിർവഹിക്കും. കയർമേഖലയിലെ പുതിയ പദ്ധതികളുടെ പ്രഖ്യാപനം ശ്രീ പി രാജീവ് വൈകിട്ട് മൂന്ന് മണിക്ക് നടക്കുന്ന ചടങ്ങിൽ നിർവഹിക്കും. കയർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ മന്ത്രി സജി ചെറിയാൻ വിതരണം ചെയ്യും.

RNU TVPM

**********************************

## കരട് വോട്ടർപട്ടിക

സംസ്ഥാനത്ത് തദ്ദേശതിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ നാളെയും മറ്റന്നാളും തുറന്നു പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

**********************************

## മന്ത്രി ബാലഗോപാൽ (ഇൻട്രോ)

ഇന്ത്യൻ ഉല്പന്നങ്ങൾക്കുള്ള അമേരിക്കയുടെ താരിഫ് വർധന കേരളത്തിലെ കയറ്റുമതി മേഖലയിൽ വലിയ പ്രത്യാഘാതം

ഉണ്ടാക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ ഗൗരവതരമായ ചർച്ചകൾ നടക്കണമെന്നും പ്രധാനമന്ത്രി ശക്തമായ നിലപാട് എടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

( വോയിസ്.....)

*********************************

## കുടുംബശ്രീ-മന്ത്രി. എം.ബി. രാജേഷ്

കുടുംബശ്രീ ജനഗൽസ തദ്ദേശീയ കലാരൂപ സംരംഭ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി. എം.ബി. രാജേഷ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. രണ്ട് ദിവസങ്ങളിലായി കാസർഗോട്ട് കുറ്റിക്കോലിൽ നടക്കുന്ന പരിപാടിയിൽ പത്തിലേറെ ഗോത്ര കലാരൂപങ്ങളാണ് അരങ്ങേറുക. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ അംഗങ്ങൾ പങ്കെടുക്കും.

RNUTVPM

*********************************

## ഹാരിസ് - മെഡിക്കൽ കോളേജ്

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടർ ഹാരിസിന്റെ ഓഫീസിൽ നടത്തിയ പരിശോധനയിൽ മോർസിലോസ്കോപ് വാങ്ങിയതിന്റെ ബിൽ കണ്ടെത്തിയതായി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പി.കെ ജബ്ബാർ. ഓഗസ്റ്റ് രണ്ടാം തിയതി ഉപകരണം വാങ്ങിയതായാണ് ബില്ലിൽ ഉള്ളതെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

*********************************

## വി ഡി സതീശൻ

കേരളത്തിലെ ആരോഗ്യരംഗത്തെ കുറിച്ച് സത്യസന്ധമായി വെളിപ്പെടുത്തിയ ഡോ. ഹാരിസിനെതിരായി ആരോഗ്യ മന്ത്രിയുടെ നേതൃത്വത്തിൽ ഗൂഢാലോചന നടത്തിയെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. ഡോ ഹാരിസിന് പ്രതിപക്ഷം സംരക്ഷണമൊരുക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

*****************************

## മാനസികരോഗം -ഹൈക്കോടതി

മാനസികരോഗം ഉള്ളതിനാൽ വിചാരണ നേരിടാൻ യോഗ്യനല്ലെന്ന് ഒരിക്കൽ കണ്ടെത്തിയ പ്രതിക്കെതിരെ, ക്രിമിനൽ നടപടികൾ പുനരാരംഭിക്കുന്നതിന് വിചാരണ കോടതികൾക്കുള്ള വിശദമായ നടപടിക്രമങ്ങൾ കേരള ഹൈക്കോടതി പുറപ്പെടുവിച്ചു. ഇതിനായി മാനസികാരോഗ്യ അവലോകന ബോർഡിന്റെ മെഡിക്കൽ വിലയിരുത്തൽ മാത്രം മതിയാകില്ല എന്ന് കോടതി വ്യക്തമാക്കി. വിചാരണ കോടതി നേരിട്ട് അന്വേഷണം നടത്തി പ്രതിയുടെ നിലവിലെ മാനസിക ശേഷിയെക്കുറിച്ച് പരിശോധിക്കണം. നേരത്തെ, മെഡിക്കൽ റിപ്പോർട്ടിന്റെ പിൻബലത്തിൽ വിചാരണ പുനരാരംഭിക്കുവാനോ, തടയുവാനോ സാധിക്കുമായിരുന്നു.

RNUTVPM

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.........

(ബ്രേക്ക്)

*****************************

## ബിജെപി കോർ കമ്മിറ്റി

ഏഴ് വൈസ് പ്രസിഡന്റുമാരെ ഉൾപ്പെടുത്തി 21 അംഗ ബിജെപി കോർ കമ്മിറ്റി പുനസംഘടിപ്പിച്ചു. വൈസ് പ്രസിഡന്റുമാരായ കെ.എസ്.രാധാകൃഷ്ണൻ, ആർ.ശ്രീലേഖ ഐപിഎസ് എന്നിവരെ ഉൾപ്പെടുത്തിയിട്ടില്ല. പാർട്ടി കേരള പ്രഭാരി പ്രകാശ് ജാവദേക്കറും സഹ പ്രഭാരി അപരാജിത സാരംഗി എംപിയും കോർ കമ്മിറ്റിയിലെ പ്രത്യേക ക്ഷണിതാക്കളാണ്.

*******************************

## ജല വൈദ്യുത പദ്ധതി-ഇടുക്കി (ഇൻട്രോ)

ഇടുക്കി ജില്ലയിൽ, അടിമാലി വാളറക്കടുത്തുള്ള തോട്ടിയാർ ജലവൈദ്യുത പദ്ധതി വൈദ്യുതി ഉൽപ്പാദനത്തിന്റെ ഒരു വർഷം പൂർത്തിയാക്കാനൊരുങ്ങുന്നു. കഴിഞ്ഞ വർഷം ഒക്ടോബർ 28 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പദ്ധതിയിലൂടെ ഇതുവരെ 85 ദശലക്ഷം യൂണിറ്റിലധികം വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയ്സ്)

RNU TVPM

*******************************

## മഴ-സംസ്ഥാനം

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കാപ്പിൽ മുതൽ പൊഴിയൂർ വരെയും ആലപ്പാട്ട് മുതൽ ഇടവ വരെയും കന്യാകുമാരി തീരത്തും കടലാക്രമണത്തിന് സാധ്യത.

*******************************

## മുതലപ്പൊഴി

തിരുവനന്തപുരം മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് വീണ്ടും അപകടം. അപകടത്തെത്തുടർന്ന് കടലിൽ വീണ ആന്റണി, ജോൺ ബോസ്കോ എന്നീ രണ്ട് മത്സ്യത്തൊഴിലാളികളെ തീരസംരക്ഷണ സേന രക്ഷപ്പെടുത്തി. മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങുമ്പോൾ ശക്തമായ തിരയിൽപ്പെട്ട് വള്ളം മറിയുകയായിരുന്നു.

*********************************

## വയനാട് - അവക്കാഡോ സിറ്റി (ഇൻട്രോ)

വയനാട് അമ്പലവയൽ ഇനി അവക്കാഡോ സിറ്റി എന്നറിയപ്പെടും. അമ്പലവയലിൽ ആദ്യമായി നടന്ന അവക്കാഡോ ഫെസ്റ്റിൽ കൃഷിമന്ത്രി പി. പ്രസാദാണ് പ്രഖ്യാപനം നടത്തിയത്. സംസ്ഥാനത്ത് അവക്കാഡോ ഉൽപ്പാദനത്തിലും വിപണനത്തിലും ഏറ്റവും മുന്നിലുള്ള പ്രദേശമാണ് അമ്പലവയൽ.

***വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്........***

(വോയ്സ്)

RNUTVPM

*********************************

## ഹജ്ജ്

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനായി 25,000 ത്തിലേറെ അപേക്ഷകൾ ലഭിച്ചതായി മലപ്പുറം ജില്ലാ കളക്ടർ. 20 ദിവസം കൊണ്ട് ഹജ്ജ് തീർത്ഥാടനം പൂർത്തിയാക്കാൻ കഴിയുന്ന ഹ്രസ്വകാല ഹജ്ജിന് ഇത്തവണ തുടക്കമാകുമെന്നും കലക്ടർ അറിയിച്ചു. ഓഗസ്റ്റ് 12 നു നടക്കുന്ന നറുക്കെടുപ്പിലൂടെയായിരിക്കും തിരഞ്ഞെടുപ്പ്.

*********************************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 585 പോയിന്റ് ഇടിഞ്ഞ് 80,032 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 179 പോയിന്റ് നഷ്ടത്തിൽ 24,418 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കൂടി. പവന് 560 രൂപ കൂടി 75,760 രൂപയും, ഗ്രാമിന് 9,470 രൂപയുമാണ് ഇന്നത്തെ വില.

*********************************

## എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ

മയക്കു മരുന്നു കേസുകളിലെ പ്രതികൾക്ക് കടുത്ത ശിക്ഷ നൽകുന്ന നിയമ വ്യവസ്ഥയാണ് രാജ്യത്തുള്ളതെന്ന് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ പി. കെ. സതീഷ് കുമാർ. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ആകാശവാണി കണ്ണൂർ നിലയവും എക്സൈസ് വകുപ്പും ചേർന്ന് സംഘടിപ്പിച്ച മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. ആകാശവാണി കണ്ണൂർ നിലയം മേധാവി എം ചന്ദ്രബാബു അധ്യക്ഷനായി.

RNU TVPM

*****************************

## മേഖലാ രാജ്യാന്തര ചലച്ചിത്രമേള

സംസ്ഥാന ചലച്ചിത്ര അക്കാദമി കോഴിക്കോട് സംഘടിപ്പിക്കുന്ന മേഖലാ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരിതെളിയും. വൈകിട്ട് അഞ്ച് മണിക്ക് കൈരളി തിയേറ്ററിൽ നടക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ സംവിധായകനും കെ.ആർ.നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ചെയർപേഴ്സണുമായ സയ്യിദ് മിർസ ഉദ്ഘാടനം നിർവഹിക്കും. മുഹമ്മദ് റസൂലോഫ് സംവിധാനം ചെയ്ത ദ സീഡ് ഓഫ് ദ സേക്രഡ് ഫിഗ് ആണ് ഉദ്ഘാടന ചിത്രം. കൈരളി, ശ്രീ, കോർണേഷൻ തിയേറ്ററുകളിലായാണ് മേള നടക്കുന്നത്.

***********************************************************************************************